## സ്നാനത്തിന്റെ നിർവചനം

**I. "ക്രിസ്തു യേശുവിലേക്ക് സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു"—റോമർ 6:3**

- സ്നാനം ഒരു ആചാരമോ സമ്പ്രദായമോ അല്ല; അത് ക്രിസ്തുവിനോടുള്ള നമ്മുടെ ഏകീഭാവത്തെ സൂചിപ്പിക്കുന്നു
- അവന്റെ മരണത്തിലും പുനരുത്ഥാനത്തിലും നാം അവനോട് ഒന്നായി പറ്റിച്ചേരേണ്ടതിന് സ്നാനത്തിലൂടെ നാം ക്രിസ്തുവിനെ നമ്മുടെ മണ്ഡലമായി എടുത്തുകൊണ്ട് അവനിലേക്ക് നിമജ്ജനം ചെയ്യപ്പെടുന്നു
- നാം ക്രിസ്തുവിലേക്ക് സ്നാനപ്പെടുമ്പോൾ, നാം അവന്റെ മരണത്തിലേക്ക് സ്നാനപ്പെടുന്നു

**II. "അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടുകൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ"—വാ. 4**

- നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, അത് സ്നാനത്തിലൂടെ മരണത്തിലേക്ക് അവനോടുകൂടെ അടക്കപ്പെട്ടിരിക്കുന്നു
- സ്വാഭാവിക മണ്ഡലത്തിൽ, ഒരു വ്യക്തി ആദ്യം മരിക്കുകയും അതിനുശേഷം അടക്കപ്പെടുകയും ചെയ്യുന്നു, എന്നാൽ ആത്മിക മണ്ഡലത്തിൽ, നാം ആദ്യം അടക്കപ്പെടുകയും അതിനുശേഷം മരിക്കുകയും ചെയ്യുന്നു
- നാം നേരിട്ട് മരിക്കുന്നില്ല; സ്നാനത്തിലൂടെ നാം ക്രിസ്തുവിന്റെ മരണത്തിലേക്ക് പ്രവേശിക്കുകയാണ്
- സ്നാനത്തിനുശേഷം പുനരുത്ഥാനത്തിൽ നാം ഒരു പുതിയ വ്യക്തിയായിത്തീരുന്നു
- പുനരുത്ഥാനം ഭാവിയിലെ ഒരു അവസ്ഥ മാത്രമല്ല; അത് ഒരു വർത്തമാനകാല പ്രക്രിയ കൂടിയാണ്

## അവന്റെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും സാദൃശ്യം

**III. "നാം അവനോടുകൂടെ അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ ചേർന്നു വളർന്നുവെങ്കിൽ, തീർച്ചയായും നാം അവന്റെ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തിലും ആയിരിക്കും"—6:5**

- അവനോടുകൂടെ ചേർന്നു വളരുക എന്നത് വളർച്ച നടക്കുന്ന ഒരു ജൈവിക ഐക്യത്തെ സൂചിപ്പിക്കുന്നു
- ക്രിസ്തുവുമായുള്ള ജൈവിക ഐക്യത്തിൽ, ക്രിസ്തു കടന്നുപോയതെല്ലാം നമ്മുടെ ചരിത്രമായിത്തീർന്നു
- നാം അവനിൽ ആയിരിക്കുകയും അവനോട് ജൈവികമായി ചേർന്നിരിക്കുകയും ചെയ്യുന്നതുകൊണ്ട് അവന്റെ മരണവും പുനരുത്ഥാനവും ഇപ്പോൾ നമ്മുടേതാണ്; ഇതാണ് ഒട്ടിച്ചേരൽ
- ക്രിസ്തുവിന്റെ മരണത്തിന്റെ സാദൃശ്യം റോമർ 6:4-ൽ പരാമർശിച്ചിരിക്കുന്ന സ്നാനമാണ്; ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ സാദൃശ്യം വാക്യം 4-ൽ പരാമർശിച്ചിരിക്കുന്ന ജീവന്റെ പുതുക്കമാണ്
- അവന്റെ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തിൽ (വാ. 5) ഭാവിയിലെ വസ്തുനിഷ്ഠമായ പുനരുത്ഥാനത്തെയല്ല, പിന്നെയോ വർത്തമാനകാല വളർച്ചയുടെ പ്രക്രിയയെയാണ് സൂചിപ്പിക്കുന്നത്
- നാം സ്നാനപ്പെട്ടപ്പോൾ, ക്രിസ്തുവിനോടൊപ്പം അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ ചേർന്നു വളർന്നു; ഇപ്പോൾ, അവന്റെ മരണത്തിലൂടെ നാം അവന്റെ പുനരുത്ഥാനത്തിലേക്ക് വളരുന്നു
- ശരിയായ സ്നാനം അനുഭവമാക്കിയശേഷം, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തിൽ നാം അവനിലും അവനോടുകൂടെയും വളരണം, അതായത്, ജീവന്റെ പുതുക്കത്തിൽ നടക്കണം

## സ്നാനപ്പെട്ടവർ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു

**IV. "ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും..." —ഗലാ. 3:27**

ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ

- സ്നാനത്തിന് നാലു വശങ്ങളുണ്ട്:
  - പിതാവിന്റെയും പുത്രന്റെയും ആത്മാവിന്റെയും നാമത്തിലേക്ക് സ്നാനപ്പെടുന്നു (മത്താ. 28:19)
  - ക്രിസ്തുവിലേക്ക് സ്നാനപ്പെടുന്നു (ഗലാ. 3:27)
  - ക്രിസ്തുവിന്റെ മരണത്തിലേക്ക് സ്നാനപ്പെടുന്നു (റോമ. 6:3)
  - ക്രിസ്തുവിന്റെ ശരീരത്തിലേക്ക് സ്നാനപ്പെടുന്നു (1 കൊരി. 12:13)

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,.

ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.

റോമ. 6:3 അതോ ക്രിസ്തു യേശുവിലേക്ക് സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു...

1 കൊരി. 12:13 ... എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും,..

- സ്നാനം മാനസാന്തരപ്പെടുന്ന ജനത്തെ അവരുടെ പഴയ ജീവിതത്തെ അവസാനിപ്പിച്ചുകൊണ്ടും, ക്രിസ്തുവിന്റെയും ക്രിസ്തുവിലുള്ളതുമായ പുതിയ ജീവനാൽ അവരെ മുളപ്പിച്ചുകൊണ്ടും അവരുടെ പഴയ സ്ഥിതിയിൽനിന്ന് പുതിയ ഒന്നിലേക്ക് അവരെ കൊണ്ടുവരുന്നു
- സ്നാനത്തിന് രണ്ടു വശങ്ങളുണ്ട്
  - ദൃശ്യമായ വശം — വെള്ളത്താൽ
  - അദൃശ്യമായ വശം — പരിശുദ്ധാത്മാവിനാൽ
- ആത്മാവിനാലുള്ള അദൃശ്യമായ വശം ഇല്ലാതെ, വെള്ളത്താലുള്ള ദൃശ്യമായ വശം വ്യർഥമാണ്, വെള്ളത്താലുള്ള ദൃശ്യമായ വശം ഇല്ലാതെ, ആത്മാവിനാലുള്ള അദൃശ്യമായ വശം അമൂർത്തവും അപ്രായോഗികവുമാണ്; രണ്ടും ആവശ്യമാണ്
- ത്രിയേകദൈവത്തിലേക്ക് സ്നാനമേൽക്കുകയെന്നാൽ ക്രിസ്തുവിലേക്ക് സ്നാനമേൽക്കുന്നതാണ്
- നാം ക്രിസ്തുവിലേക്ക് സ്നാനമേറ്റതുകൊണ്ട്, ഇപ്പോൾ നാം അവനുമായുള്ള ജൈവിക ഐക്യം ആസ്വദിക്കുന്നു, അത് നമ്മുടെ മുഴുവൻ ആളത്തത്തെയും രൂപാന്തരപ്പെടുത്തുവാൻ പ്രാപ്തമാണ്
- നാം ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു, ഇപ്പോൾ ക്രിസ്തു നമ്മെ ആവരണം ചെയ്യുന്നു